2026
JUNE
09
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യയുടെ ആണവായുധ ശേഖരത്തിൽ വൻ വർധന


**ന്യൂഡൽഹി:** ആഗോള ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾ സങ്കീർണ്ണമായി തുടരുന്നതിനിടെ, ഇന്ത്യയുടെ ആണവായുധ ശേഖരത്തിൽ ശ്രദ്ധേയമായ വർദ്ധനവുണ്ടായതായി പ്രമുഖ അന്താരാഷ്ട്ര പ്രതിരോധ ഗവേഷണ സ്ഥാപനമായ 'സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്' (SIPRI). തങ്ങളുടെ ഏറ്റവും പുതിയ 'സിപ്രി ഇയർബുക്ക് 2026' ലാണ് ഈ നിർണ്ണായക വിവരങ്ങളുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനിടെ ഇന്ത്യ 10 ആണവ പോർമുനകൾ കൂടി ആയുധശേഖരത്തിലേക്ക് കൂട്ടിച്ചേർത്തു. ഇതോടെ ഇന്ത്യയുടെ ആണവായുധങ്ങളുടെ എണ്ണം 2025ലെ 180ൽ നിന്ന് 2026ൽ 190 ആയി ഉയർന്നു. ഇതേ കാലയളവിൽ അയൽരാജ്യമായ പാകിസ്താന്റെ ആണവശേഷിയിൽ യാതൊരു മാറ്റവുമില്ലാതെ 170 ആയി തന്നെ തുടരുകയാണ്.




പരമ്പരാഗത ശത്രുവായ പാകിസ്താനുമായുള്ള അതിർത്തി തർക്കങ്ങൾ നിലനിൽക്കുമ്പോൾ തന്നെ, പ്രതിരോധ തന്ത്രങ്ങളിൽ ഇന്ത്യ ഇപ്പോൾ കൂടുതൽ പ്രാധാന്യം നൽകുന്നത് ചൈനയ്ക്കാണ്. ചൈനയിലെ ഏത് ലക്ഷ്യസ്ഥാനങ്ങളിലേക്കും കൃത്യമായി എത്തിച്ചേരാൻ ശേഷിയുള്ള ദീർഘദൂര സ!ട്രൈക്ക് സംവിധാനങ്ങൾ വികസിപ്പിക്കുന്നതിലേക്ക് ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്ന് സിപ്രി നിരീക്ഷിക്കുന്നു. ഒരൊറ്റ മിസൈലിൽ തന്നെ ഒന്നിലധികം ആണവായുധങ്ങൾ വഹിക്കാൻ ശേഷിയുള്ള അത്യാധുനിക 'മിർവ്' (MIRV) സാങ്കേതികവിദ്യയിലേക്ക് ഇന്ത്യ അതിവേഗം മുന്നേറുകയാണ്. യുദ്ധമില്ലാത്ത സാധാരണ സമയങ്ങളിൽ പോലും മിസൈലുകളിൽ ഘടിപ്പിച്ച ചെറിയ അളവിലുള്ള ആണവായുധങ്ങൾ സജ്ജമാക്കി നിർത്താൻ നിലവിൽ ഇന്ത്യയ്ക്കും ചൈനയ്ക്കും കഴിഞ്ഞേക്കും. എങ്കിലും, വരും ദശകത്തിൽ പാകിസ്താനും തങ്ങളുടെ ആണവശേഖരം വർദ്ധിപ്പിച്ചേക്കാമെന്നും റിപ്പോർട്ട് സൂചന നൽകുന്നു.

ആഗോളതലത്തിൽ ആയുധങ്ങളുടെ എണ്ണത്തിൽ നേരിയ കുറവുണ്ടായെങ്കിലും വൻശക്തികൾ പ്രതിരോധത്തിനായി ആണവായുധങ്ങളെ കൂടുതൽ ആശ്രയിക്കുന്നത് സുരക്ഷാ ഭീഷണികൾ വർദ്ധിപ്പിക്കുന്നതായി സിപ്രി മുന്നറിയിപ്പ് നൽകുന്നു. നിലവിൽ ലോകത്തെ ഒമ്പത് രാജ്യങ്ങളിലായി 12,187 ആണവായുധങ്ങളാണുള്ളത്. ഇതിൽ ഭൂരിഭാഗവും റഷ്യയുടെയും (5,420) അമേരിക്കയുടെയും (5,042) പക്കലാണ്. തങ്ങളുടെ ശേഖരം 600ൽ നിന്ന് 620 ആയി ഉയർത്തി ചൈന മൂന്നാം സ്ഥാനത്ത് തുടരുമ്പോൾ, 2030ഓടെ ചൈനയുടെ ആണവായുധങ്ങൾ ആയിരം കടക്കുമെന്നാണ് പ്രവചനം. ബ്രിട്ടൻ (225), ഫ്രാൻസ് (290) എന്നീ രാജ്യങ്ങൾ തങ്ങളുടെ ശേഷി അതേപടി നിലനിർത്തിയിട്ടുണ്ട്. പല പ്രമുഖ രാജ്യങ്ങളും ആയുധ നിയന്ത്രണത്തിനായുള്ള അന്താരാഷ്ട്ര കരാറുകളിൽ നിന്നും വാഗ്ദാനങ്ങളിൽ നിന്നും പിന്നോട്ട് പോകുന്ന പ്രവണത ആശങ്കാജനകമാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

## സാംക്രമിക രോഗവ്യാപനം: കേരളത്തിൽ ദുരന്തസമാനമായ സാഹചര്യം




**തിരുവനന്തപുരം:** സാംക്രമിക രോഗവ്യാപനത്തിൽ സംസ്ഥാനത്തു ദുരന്തസമാന സാഹചര്യമെന്നു വിലയിരുത്തി ആരോഗ്യവകുപ്പ് ജാഗ്രതാ നിർദേശം നൽകി. കാലാവസ്ഥയിലെ പെട്ടെന്നുള്ള മാറ്റങ്ങൾ കാരണം എച്ച്1എൻ1, ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ 2017ന് സമാനമായി വ്യാപിക്കാൻ സാധ്യതയുണ്ടെന്നാണു വിലയിരുത്തൽ. ദുരന്ത സാഹചര്യങ്ങളിലേതു പോലെ വിവിധ വകുപ്പുകൾ ചേർന്നു പ്രവർത്തിച്ച് പ്രതിരോധ നടപടികൾ ഊർജിതമാക്കണമെന്ന് മന്ത്രിതല യോഗത്തിൽ നിർദേശം നൽകി.

ജല, ഭക്ഷണ ജന്യരോഗമായ ഷിഗെല്ല ബാധിച്ച് കോഴിക്കോട്ട് ഒരു കുട്ടി മരിക്കുകയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ രോഗം കൂടുതൽ പേരിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ആരോഗ്യ, ഭക്ഷ്യസുരക്ഷ, തദ്ദേശ വകുപ്പുകളോട് കർശനമായ പരിശോധനയ്ക്കും നിർദേശം നൽകി. ആലപ്പുഴയിൽ ഷിഗെല്ല ബാധയ്ക്കു കാരണമായ ബാക്ടീരിയയുടെ ഉറവിടം കണ്ടെത്തിയെങ്കിലും കോഴിക്കോട്ടെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

തിരുവനന്തപുരം, എറണാകുളം, തൃശൂർ തുടങ്ങിയ ജില്ലകളിൽ ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻ ഗുനിയ തുടങ്ങിയ രോഗങ്ങൾക്കു വലിയ സാധ്യതയുണ്ട്. വിവിധ വകുപ്പുകൾ ചേർന്നുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദേശം നൽകിയിരുന്നു. എച്ച്1എൻ1 രോഗം സാധാരണ ജലദോഷപ്പനിയായി തെറ്റിദ്ധരിക്കാറുള്ളതിനാൽ പനി, ജലദോഷം തുടങ്ങിയ ലക്ഷണങ്ങളുള്ള ഗർഭിണികൾ സ്വയം ചികിത്സ ഒഴിവാക്കി ആശുപത്രിയിൽ ചികിത്സ തേടണം. ഈ രോഗം ഗർഭസ്ഥശിശുക്കളുടെ മരണത്തിനു കാരണമാകാറുണ്ട്.

## ഏഷ്യയിലെ സമ്പന്നൻ പട്ടം തിരിച്ചുപിടിച്ച് അദാനി

മുംബൈ: റിലയൻസ് ഇൻഡസ്ട്രീസ് മേധാവി മുകേഷ് അംബാനിയെയും സോഫ്റ്റ്ബാങ്ക് സിഇഒ മസായോഷി സണ്ണിനെയും പിന്നിലാക്കി ഏഷ്യയിലെ ഏറ്റവും വലിയ ധനികനെന്ന സിംഹാസനം അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി തിരിച്ചുപിടിച്ചു. ഗ്രൂപ്പ് കമ്പനികളുടെ ഓഹരി വിലയിലുണ്ടായ ശക്തമായ കുതിച്ചുചാട്ടമാണ് അദാനിയെ വീണ്ടും ഒന്നാമതെത്തിച്ചത്. 2023ൽ യുഎസ് അധിഷ്ഠിത ഷോർട്ട് സെല്ലിങ് കമ്പനിയായ ഹിൻഡെൻബർഗ് റിസർച്ചിന്റെ വിവാദ റിപ്പോർട്ട് പുറത്തുവന്നതിനെത്തുടർന്ന് അദാനി ഗ്രൂപ്പിന്റെ വിപണി മൂല്യത്തിൽ ഏകദേശം 15,000 കോടി ഡോളറിന്റെ വൻ തകർച്ചയുണ്ടായിരുന്നു. എന്നാൽ, കഴിഞ്ഞ മാസം അദാനിക്കെതിരെയുള്ള കേസുകൾ പിൻവലിക്കാൻ അമേരിക്കൻ ഭരണകൂടം തീരുമാനിച്ചതോടെ ഓഹരി വിപണിയിൽ അദാനി കമ്പനികൾ ശക്തമായ തിരിച്ചുവരവ് നടത്തി. ഈ അനുകൂല തരംഗത്തിൽ മാത്രം 1,000 കോടി ഡോളറിലധികം സമ്പാദ്യം കൂട്ടിച്ചേർത്ത അദാനി, ഹിൻഡെൻബർഗ് ആഘാതത്തിൽ തനിക്കുണ്ടായ നഷ്ടങ്ങളെല്ലാം ഏതാണ്ട് പൂർണ്ണമായി തന്നെ മറികടന്നു കഴിഞ്ഞു.



ഫോബ്സിന്റെ ഏറ്റവും പുതിയ ശതകോടീശ്വര പ്പട്ടിക പ്രകാരം 9,000 കോടി ഡോളർ ആസ്തിയുള്ള ഗൗതം അദാനി ഇപ്പോൾ ലോകസമ്പന്നരിൽ 22ാം സ്ഥാനത്താണ്. തൊട്ടുപിന്നിലുള്ള മുകേഷ് അംബാനി 8,800 കോടി ഡോളറിന്റെ ആസ്തിയുമായി ഏഷ്യയിൽ രണ്ടാമതും ആഗോളതലത്തിൽ 24ാം സ്ഥാനത്തുമാണ് നിൽക്കുന്നത്. പ്രമുഖ ജാപ്പനീസ് നിക്ഷേപക സ്ഥാപനമായ സോഫ്റ്റ്ബാങ്കിന്റെ അമരക്കാരൻ മസയോഷി സൺ 8,700 കോടി ഡോളറുമായി ഏഷ്യൻ പട്ടികയിൽ മൂന്നാമതുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ വിപണിയിൽ പ്രകടിപ്പിച്ച തകർപ്പൻ മുന്നേറ്റമാണ് അദാനിക്ക് തുണയായത്; വെള്ളിയാഴ്ച മാത്രം അദാനി ഗ്രീൻ എനർജിയുടെ ഓഹരികൾ 7 ശതമാനവും അദാനി എനർജി ഓഹരികൾ 4 ശതമാനവും നേട്ടമുണ്ടാക്കി കുതിച്ചുയർന്നു.






## തീയതി ദീർഘിപ്പിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി.) ആഭിമുഖ്യത്തിൽ 14 ജില്ലകളിലുമായി 16 ഐ.എച്ച്.ആർ.ഡി. കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ജെറിയാട്രിക് കെയർ കോഴ്സിന് അപേക്ഷിക്കുവാനുള്ള തീയതി 15.06.2026 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ www.ihrdadmissions.org സന്ദർശിക്കുക.

## വാർഡൻ നിയമനം

**കൊച്ചി:** തൃശൂർ, കുന്നംകുളം സ്പോർട്സ് ഡിവിഷനിലേക്ക് രണ്ട് വാർഡൻമാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നു. യോഗ്യത ബിരുദവും ബി. എഡും. കായിക ക്ഷമതയുള്ളവരായിരിക്കണം. വാർഡൻമാർ കുട്ടികളോടൊപ്പം താമസിച്ച് അവർക്ക് പാഠ്യ ഭാഗങ്ങൾ പറഞ്ഞു കൊടുക്കേണ്ടതാണ്. ക്രിമിനൽ പശ്ചാതലം ഉള്ളവരായിരിക്കരുത്. താമസവും ഭക്ഷണവും സൗജന്യമാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസക്കൂലി ശമ്പളമാണ് ലഭിക്കുക. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ എട്ടിന് ഉച്ചയ്ക്ക് 12 ന് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുമായി കുന്നംകുളം മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മുമ്പാകെ അഭിമുഖത്തിന് ഹാജരാകണം. തുടർന്ന് പ്രവേശനം ലഭിക്കുന്നവർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഫോൺ : 04842348244, 8547634933.

## താത്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ക്രമ നമ്പർ ഒന്ന്, രണ്ട് പ്രകാരമുള്ള യൂണിറ്റുകൾ, 'ഇപ്പോൾ എങ്ങിനെയാണോ ആവസ്ഥയിൽ' അടുത്ത മൂന്ന് വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നടത്തുന്നതിന് താത്പര്യവും, മുൻപരിചയവും ഉള്ളവ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മത്സര സ്വഭാവമുള്ള ടെണ്ടറുകളും, ക്രമ നമ്പർ മൂന്ന് പ്രകാരം കുഴുപ്പിള്ളി ബീച്ചിൽ പാരാഗ്ലൈഡിങ് നടത്തുന്നതിന് താല്പര്യവും, മുൻ പരിചയവും ഉള്ള ഏജൻസികൾ/സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. ടെൻഡർ ജൂൺ 17ന് ഉച്ചയ്ക്ക് 12 വരെ നൽകാം. കൂടുതൽ വിവരങ്ങൾക്ക് ഡി ടിപിസി ഓഫീസുമായി ബന്ധപ്പെടാം. ഫോൺ 04842367334, 9847331200.

## അതിഥി അദ്ധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ഇസ്ലാമിക് ചരിത്ര വിഭാഗത്തിൽ അതിഥി അദ്ധ്യാപക ഒഴിവുണ്ട്. യോഗ്യത: ഇസ്ലാമിക് ചരിത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി/നെറ്റ് ഉള്ള വർക്ക് മുൻഗണന. പ്രവൃത്തി പരിചയം അഭിലഷണീയം. നിശ്ചിത യോഗ്യതയുള്ളവരും എറണാകുളം കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ച്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരും ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി (ഒരു സെറ്റ് കോപ്പികളും സഹിതം) ജൂൺ എട്ടിന് രാവിലെ 9.30 നു നേരിട്ട് പ്രിൻസിപ്പാൾ ഓഫീസിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് www.maharajas.ac.in സന്ദർശിക്കുക.

# അയ്യൻകുഴി പ്രശ്നബാധിത പ്രദേശത്ത് മാലിന്യ സംസ്കരണ പ്ലാന്റിനുള്ള സ്ഥലമേറ്റെടുപ്പ് പ്രൊപ്പോസൽ തയ്യാർ

**കൊച്ചി:** വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ അയ്യൻകുഴിയിൽ സ്ഥാപിക്കുന്ന സമഗ്ര മാലിന്യ സംസ്കരണ പ്ലാന്റിനായുള്ള സ്ഥലമേറ്റെടുപ്പ് പ്രൊപ്പോസൽ ഉടൻ തന്നെ കേരള സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്റ്റിന് (കെഎസ്ഡബ്ല്യുഎംപി) കൈമാറുമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു. അയ്യൻകുഴി നിവാസികളുമായി നടത്തിയ യോഗത്തിലാണ് ജില്ലാ കളക്ടർ ഇക്കാര്യം വ്യക്തമാക്കിയത്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ( ബിപിസിഎൽ), ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് (എച്ച്ഒസിഎൽ) എന്നിവയ്ക്കിടയിലുള്ള പ്രശ്നബാധിത മേഖലയിലാണ് പ്ലാന്റിനായി സ്ഥലം ഏറ്റെടുക്കുന്നത്. സ്ഥലമേറ്റെടുപ്പിൽ അന്തിമ തീരുമാനം വരുന്നത് വരെ പ്രശ്നബാധിതർക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ദുരിതബാധിതരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസ്ഥായം നൽകാൻ എച്ച്ഒസിഎല്ലിനോടും, ഫുഡ് കിറ്റുകൾ വിതരണം ചെയ്യാൻ ബിപിസിഎല്ലിനോടും കളക്ടർ ആവശ്യപ്പെട്ടു. 2025 ജൂലൈ 8ന് ബിപിസിഎൽ റിഫൈനറിയിലെ ഭൂഗർഭ കേബിൾ പൊട്ടിത്തെറിച്ചുണ്ടായ തീപിടിത്തത്തിൽ അയ്യൻകുഴി പ്രദേശത്ത് പുക വ്യാപിച്ചതിനെ തുടർന്ന് നാൽപതിലധികം കുടുംബങ്ങളെ പ്രദേശത്തുനിന്ന് മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്.

കാക്കനാട് ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ജി ശ്രീകുമാർ, വടവുക്കോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെജി തോമസ്, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ബിപിസിൽ, എച്ച് ഒസിഎൽ പ്രതിനിധികൾ, വിവിധ വകുപ്പു ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# യുവാക്കൾ സാമൂഹിക പ്രതിബദ്ധതയോടെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം

**നെയ്യാറ്റിൻകര:** സാമൂഹിക പ്രതിബദ്ധതയോടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടത് യുവജനങ്ങളുടെ കടമയെന്നു കാട്ടാക്കട നിയോജക മണ്ഡലം എം.എൽ.എ എം ആർ ബൈജു. കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ വെള്ളറട കർമ്മല മാതാ കുരിശുമലയിൽ നടത്തപ്പെട്ട പരിസ്ഥിതി ദിനാചരണം 'ഭൂമിക' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിബിൻ ഷാജി അദ്ധ്യക്ഷത വഹിച്ച പരിസ്ഥിതി ദിന സമ്മേളനത്തിനു മലങ്കര കത്തോലിക്കാ സഭയുടെ കൂരിയാ മെത്രാൻ മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ് മുഖ്യാഥിതി ആയിരുന്നു.

യുവജനങ്ങൾ പ്രകൃതിയുടെ കാവൽക്കാർ എന്ന ആശയത്തെ മുൻനിർത്തി സംഘടിപ്പിച്ച സമ്മേളനത്തിൽ കെ.സി.ബി.സി മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഫാ. സെബാസ്റ്റ്യൻ മിൽട്ടൻ കളപ്പുരക്കൽ വിഷയാവതരണം നടത്തി. കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി കാസി പൂപ്പന, ഡയറക്ടർ ഫാ. ഡിറ്റോ കൂള, സമിതി അംഗങ്ങളായ സെഞ്ചു ജേക്കബ്, പ്രിൻസി പീറ്റർ, ജെൻസൺ ആൽബി, ജോയൽ ജോൺ റോയ്, ധന്യ മോഹൻരാജ്, കുരിശുമല റെക്ടർ ഫാ വിൻസെന്റ് കെ പീറ്റർ, കെ.സി.വൈ.എം നെയ്യാറ്റിൻകര രൂപത അസി. ഡയറക്ടർ ഫാ. ജിബിൻരാജ്, പ്രസിഡന്റ് അരുൺരാജ് സി എസ്, ജോജി ടെന്നിസൺ തുടങ്ങിയവർ സംസാരിച്ചു.

# സ്ത്രീ സുരക്ഷ ശക്തമാക്കണം : എഡ്രാക് വനിതാ കമ്മിറ്റി

**കൊച്ചി:** സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൂടുതൽ ശക്തമാക്കണമെന്ന് എഡ്രാക് ജില്ലാ വനിതാ കമ്മിറ്റി ആവശ്യപ്പെട്ടു. സ്ത്രീകൾക്ക് സുരക്ഷിതമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ സംവിധാനങ്ങളും നിയമപാലകരും കൂടുതൽ ജാഗ്രത പുലർത്തണമെന്നും വനിതാ കമ്മിറ്റി അഭിപ്രായപ്പെട്ടു.

അടുത്തിടെ ജില്ലയിൽ യുവതികൾക്ക് നേരെ നടന്ന അതിക്രമ സംഭവങ്ങളിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കുറ്റവാളികൾക്കെതിരെ വേഗത്തിലുള്ള അന്വേഷണവും കർശനമായ നിയമനടപടികളും സ്വീകരിക്കണമെന്നും വനിതാ കമ്മിറ്റി ആവശ്യപ്പെട്ടു.

എഡ്രാക് ജില്ലാ വനിതാ കമ്മിറ്റി യോഗം കോർവ ദേശീയ ജനറൽ സെക്രട്ടറി അജിത് കുമാർ പി.സി. ഉദ്ഘാടനം ചെയ്തു. വനിതാ കമ്മിറ്റി പ്രസിഡന്റ് ലതാ ബാബു അധ്യക്ഷത വഹിച്ചു. സെക്രട്ടറി തങ്കമണി മധുസൂദനൻ റിപ്പോർട്ട് അവതരിപ്പിച്ചു.

യോഗത്തിൽ എഡ്രാക് ആക്ടിംഗ് പ്രസിഡന്റ് ഡി.ജി. സുരേഷ്, പൊന്നമ്മ പരമേശ്വരൻ, ജയശ്രീ ഷാജി എന്നിവർ സംസാരിച്ചു.

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുസ്ഥലങ്ങളിൽ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുക, വിദ്യാലയങ്ങളിലും കോളേജുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, സ്ത്രീകൾക്ക് ആവശ്യമായ കൗൺസിലിംഗ്സഹായ കേന്ദ്രങ്ങൾ കൂടുതൽ സജീവമാക്കുക തുടങ്ങിയ ആവശ്യങ്ങളും യോഗം മുന്നോട്ടുവച്ചു. ശ്യാമള കാർത്തിക് സ്വാഗതവും റീന ടോണി കൃതജ്ഞതയും രേഖപ്പെടുത്തി



# വിഴിഞ്ഞം–നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതി യാഥാർഥ്യത്തിലേക്ക്

**തിരുവനന്തപുരം:** നീണ്ടനാളത്തെ കാത്തിരിപ്പിനൊടുവിൽ വിഴിഞ്ഞം–നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതി യാഥാർഥ്യത്തിലേക്ക് അടുക്കുന്നു. 8004.72 കോടി രൂപയുടെ പദ്ധതിക്കായി, ദേശീയപാത അതോറിറ്റി നിർമിച്ചു പ്രവർത്തിപ്പിച്ചു കൈമാറാനുള്ള (ബിഒടി) ടെൻഡർ ക്ഷണിച്ചു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ 62.7 കിലോമീറ്റർ നീളത്തിൽ നാലുവരി പാതയാണ് നിർമിക്കുന്നത്. കഴിഞ്ഞ 5ന് പുറത്തിറക്കിയ ടെൻഡർ വിജ്ഞാപനപ്രകാരം താൽപര്യമുള്ള കമ്പനികൾക്ക് ഓഗസ്റ്റ് 6 വരെ ടെൻഡർ രേഖകൾ ഡൗൺലോഡ് ചെയ്യാം. ഓൺലൈനായി സമർപ്പിക്കുന്ന ബിഡുകൾ 7ന് തുറക്കും.



ബിഒടി മാതൃകയിൽ പദ്ധതിക്ക് കുറഞ്ഞ സർക്കാർ ഗ്രാന്റ് ആവശ്യപ്പെടുകയോ ഭാവിയിലെ ടോൾ വരുമാനത്തിൽനിന്ന് ദേശീയപാത അതോറിറ്റിക്ക് ഉയർന്ന വിഹിതം വാഗ്ദാനം ചെയ്യുകയോ ചെയ്യുന്ന കമ്പനികളെയാകും ടെൻഡറിൽ തിരഞ്ഞെടുക്കുക. പദ്ധതി പൂർത്തിയാകുന്നതോടെ തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയും. വിഴിഞ്ഞം രാജ്യാന്തര തുറമുഖം, ദേശീയപാത ശൃംഖല, വ്യവസായ–ലോജിസ്റ്റിക്സ് മേഖലകൾ എന്നിവ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനാകും. പദ്ധതിയുടെ പരിസ്ഥിതി അനുമതിക്കായുള്ള പൊതുതെളിവെടുപ്പ് 11ന് കാട്ടാക്കടയിൽ നടക്കും. പദ്ധതിക്ക് പബ്ലിക് പ്രൈവറ്റ് പാർട്നർഷിപ് അപ്രൈസൽ കമ്മിറ്റിയുടെ(പിപിപിഎസി) അംഗീകാരം നേടിയതോടെയാണ് ദേശീയപാത അതോറിറ്റി ടെൻഡർ നടപടികളിലേക്കു കടക്കുന്നത്.

ദേശീയപാത സ്ഥലമെടുപ്പ്: സംസ്ഥാനം അംഗീകാരം നൽകി

വിഴിഞ്ഞം- നാവായിക്കുളം ഔട്ടർ റിങ് റോഡിന് ഭൂമി ഏറ്റെടുക്കാൻ സംസ്ഥാന വിഹിതമായ 3200 കോടി രൂപ അനുവദിച്ചു. കഴിഞ്ഞ ദിവസം പദ്ധതിക്കായി ഭൂമി വിട്ടുനൽകിയവരുടെ പ്രതിനിധികൾ എംഎൽഎമാരായ എം.വിൻസന്റ്, എം.ആർ. ബൈജു, സുധീർഷാ പാലോട് എന്നിവർക്കൊപ്പം മുഖ്യമന്ത്രിയെ നേരിൽക്കണ്ട് വിഷയം അവതരിപ്പിച്ചതിനെത്തുടർന്നാണ് തുക അനുവദിച്ചത്. പൊതുമരാമത്ത് വകുപ്പ് ഇതു സംബന്ധിച്ച ഉത്തരവ് തയാറാക്കുകയാണ്. ബുധനാഴ്ച മന്ത്രിസഭാ യോഗത്തിൽ ഇതു പരിഗണനയ്ക്കെത്തുമെന്നാണു വിവരം. തുടർന്ന് ഉത്തരവ് പുറത്തിറങ്ങും.

പദ്ധതിക്കായി 4 വർഷം മുൻപു ഭൂമി വിട്ടുനൽകിയ ആയിരത്തോളം ഭൂവുടമകൾക്കും പദ്ധതി കടന്നുപോകുന്ന പ്രദേശത്ത് ഇനി ഭൂമി വിട്ടുനൽകാനുള്ളവർക്കും ആശ്വാസകരമായ നടപടിയാണ് സംസ്ഥാനം സ്വീകരിച്ചത്.

സംസ്ഥാന വിഹിതം നൽകുന്നതോടെ കേന്ദ്രത്തിന് പദ്ധതി വേഗത്തിലാക്കേണ്ടി വരും. 11 വില്ലേജുകളിലായി ഇതുവരെ 100 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തത്. ഇനി 13 വില്ലേജുകളിൽനിന്ന് ഏകദേശം 200 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്.

# സെൻസസ് 2027: ജൂൺ 16 മുതൽ സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താം

**കൊല്ലം:** ആദ്യ ഡിജിറ്റൽ സെൻസസിന്റെ ഭാഗമായി സ്വന്തമായി വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള (സെൽഫ് എന്യൂമറേഷൻ) സൗകര്യം ജൂൺ 16 മുതൽ ലഭ്യമാകും. ജൂൺ 30 വരെയാണ് സമയം. ജൂലൈ ഒന്നു മുതൽ 31 വരെ സെൻസസ് ഉദ്യോഗസ്ഥർ വീടുകളിലെത്തി വിവരങ്ങൾശേഖരിക്കുന്നതിന് മുന്നോടിയായാണ് വ്യക്തികൾക്ക് കുടുംബത്തിലെ വിവരങ്ങൾ ഓൺലൈൻ പോർട്ടൽ വഴി സമർപ്പിക്കാനുള്ള സംവിധാനം. 15 20 മിനിറ്റിനുള്ളിൽ പ്രക്രിയ പൂർത്തിയാക്കാനാകും.

https://se.census.gov.in പോർട്ടലിൽ സംസ്ഥാനം തിരഞ്ഞെടുത്തശേഷം കുടുംബനാഥന്റെ പേരും മൊബൈൽ നമ്പറും നൽകി രജിസ്റ്റർചെയ്യാം. ഒരു മൊബൈൽ നമ്പർ ഒരു കുടുംബത്തിന് മാത്രമാണ് ഉപയോഗിക്കാവുന്നത്. ഇഷ്ടമുള്ളഭാഷ തിരഞ്ഞെടുത്ത് ഒ.ടി.പി. വഴി വെരിഫിക്കേഷൻ പൂർത്തിയാക്കാം. ഒരിക്കൽ തെരഞ്ഞെടുത്ത ഭാഷ പിന്നീട് മാറ്റാനാകില്ല. പോർട്ടലിലെ മാപ്പിൽ വീടിന്റെ കൃത്യമായ സ്ഥാനം 'റെഡ് മാർക്കർ' ഉപയോഗിച്ച് അടയാളപ്പെടുത്താം. സെൻസസുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടിനൽകി വിവരങ്ങൾ പരിശോധിച്ചശേഷം അന്തിമസമർപ്പണം നൽകാം.

വിവരങ്ങൾ അന്തിമസമർപ്പണത്തിന് മുമ്പ് രേഖപ്പെടുത്തി സൂക്ഷിക്കാനുമാകും. വിവരങ്ങൾ വിജയകരമായിരേഖപ്പെടുത്തുമ്പോൾ 'എച്ച്' ൽ തുടങ്ങുന്ന 11 അക്ക സെൽഫ്ഇന്യൂമറേഷൻ ഐഡി (എസ്.ഇ. ഐഡി) ലഭിക്കും. സെൻസസ് ഉദ്യോഗസ്ഥർ വീട്ടിലെത്തുമ്പോൾ ഐഡി കൈമാറി വിവരങ്ങൾ ഡിജിറ്റലായി സ്ഥിരീകരിക്കാം. ജൂൺ 30നകം വിവരങ്ങൾ സമർപ്പിക്കാത്തവർക്ക് സെൽഫ്എന്യൂമറേഷൻ പൂർത്തിയാക്കാനാകില്ല. കഴിയില്ല. അങ്ങനെയുള്ളവരുടെ വിവരങ്ങൾ ഉദ്യോഗസ്ഥർ വീടുകളിലെത്തി ശേഖരിക്കും. കൂടുതൽ വിവരങ്ങൾ https://se.census.gov.in/ ൽ ലഭിക്കും.



# ജർമൻ ഫുഡ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു

**ചങ്ങനാശേരി:** ജർമനിയുടെ തനത് ഭക്ഷണ സംസ്കാരവും രുചി വൈവിധ്യങ്ങളും മലയാളിക്ക് പരിചയപ്പെടുത്തി സർഗക്ഷേത്ര ജർമൻ അക്കാദമിയുടെ നേതൃത്വത്തിൽ 'ഗ്രെൻസെൻലോസ് ഗെനീസെൻ' ജർമൻ ഫുഡ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. സർഗക്ഷേത്ര അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിറ്റോ നെല്ലിക്കുന്നത്ത് സിഎംഐ ഉദ്ഘാടനം ചെയ്തു. 'നല്ല ഭക്ഷണം, നല്ല നിമിഷങ്ങൾ, മികച്ച സൗഹൃദങ്ങൾ' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ഭക്ഷ്യമേള വിദ്യാർഥികൾക്കും പൊതുജനത്തിനും വേറിട്ട അനുഭവമായി. പ്രശസ്തമായ ജർമൻ ബ്രട്ട്വർസ്റ്റ് സോസേജുകൾ, പ്രെറ്റ്സെലുകൾ തുടങ്ങി വൈവിധ്യമാർന്ന യൂറോപ്യൻ വിഭവങ്ങൾ മേളയുടെ പ്രധാന ആകർഷണമായിരുന്നു. കേരളീയ രുചികളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു രാജ്യാന്തര ഭക്ഷണ അനുഭവം സമ്മാനിക്കാൻ മേളയ്ക്ക് കഴിഞ്ഞു.

സിഎംഐ വൈദികരുടെ മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന സർഗക്ഷേത്ര അക്കാദമി, ഭാഷാ പഠനത്തിനൊപ്പം തന്നെ ആഗോള സംസ്കാരങ്ങളെ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നതിലും എന്നും മുന്നിലാണ്. രാജ്യാന്തര തലത്തിലുള്ള ഇത്തരം സാംസ്കാരിക കൈമാറ്റങ്ങൾ വിദ്യാർഥികളുടെ ലോകവീക്ഷണം വിശാലമാക്കാൻ സഹായിക്കുമെന്ന് സർഗക്ഷേത്ര ഡയറക്ടർ ഫാ. അലക്സ് പ്രായിക്കളം സിഎംഐ വ്യക്തമാക്കി. അക്കാദമിയിലെ ജർമൻ ട്യൂട്ടർമാരായ പി.ടി.എബ്രഹാം, ഫാ. ജെറിൻ സിഎംഐ, മരിയ, ആൻമരി, ലിന്റ, റാണി, ലിയ, ജീതു, മേഘ, സാൻഡ്ര എന്നിവരുടെ നേതൃത്വത്തിലാണ് ഭക്ഷ്യമേള സംഘടിപ്പിച്ചത്.



# കോടിമതയിൽ അഞ്ചര കോടിയുടെ 'സ്ട്രീറ്റ് ഫുഡ് ഹബ്'; പദ്ധതിക്ക് അംഗീകാരം

**കോട്ടയം:** കോട്ടയം: അക്ഷരനഗരിയുടെ സായാഹ്നങ്ങൾക്ക് രുചിയുടെയും വിനോദത്തിന്റെയും പുതുഭാവം പകരാൻ കോടിമതയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 'സ്ട്രീറ്റ് ഫുഡ് ഹബ്' ഒരുങ്ങുന്നു. കോടിമത പാലത്തിന് സമീപമുള്ള പഴയ ബസ് സ്റ്റാൻഡ് മൈതാനത്തെ അത്യാധുനിക ഹബ്ബാക്കി മാറ്റാനുള്ള പദ്ധതിക്ക് കോട്ടയം നഗരസഭാ കൗൺസിൽ ഔദ്യോഗികമായി പച്ചക്കൊടി കാട്ടി. ഏകദേശം 5.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ വൻകിട പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ 'പി.എം. സ്വനിധി' പദ്ധതിയിൽ നിന്ന് 4 കോടി രൂപയുടെ ധനസഹായമാണ് നഗരസഭ പ്രതീക്ഷിക്കുന്നത്. ഇതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ക്ഷണിച്ച അപേക്ഷകളിൽ, 'പ്രാഥമിക വിലയിരുത്തലുകൾക്ക് ശേഷം അവസാന ഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ 7 നഗരസഭകളുടെ അന്തിമ പട്ടികയിൽ കോട്ടയവും ഇടംപിടിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 5 നഗരസഭകൾക്ക് മാത്രമാണ് ഈ കേന്ദ്രസഹായം ലഭിക്കുക. നഗരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി തിരുവനന്തപുരത്ത് നടത്തുന്ന അവസാനവട്ട പരിശോധനയ്ക്ക് ശേഷം ഈ പ്രൊപ്പോസൽ അന്തിമ അനുമതിക്കായി കേന്ദ്ര സർക്കാരിന് കൈമാറും.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ടിന്റെ (IIA) സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാമിന്റെ ഭാഗമായി ആർക്കിടെക്ടുമാരായ അശ്വിൻ ഐപ്പ് ഫിലിപ്പ്, പ്രഭുൽ മാത്യു എന്നിവരാണ് നഗരസഭയ്ക്കായി ഈ പരിസ്ഥിതി സൗഹൃദ പദ്ധതി രൂപകൽപ്പന ചെയ്തത്. കോട്ടയത്തെ കനത്ത മഴയെ പ്രതിരോധിക്കാൻ ഒൻപത് മീറ്റർ ഉയരത്തിൽ ഒരു ഭീമൻ കുടയുടെ മാതൃകയിലാണ് ഇതിന്റെ മേൽക്കൂര നിവർത്തുക.

ഗ്രീൻ എനർജി ആശയം മുൻനിർത്തി ഈ മേൽക്കൂരയ്ക്ക് മുകളിൽ പൂർണ്ണമായും സോളാർ പാനലുകൾ സ്ഥാപിച്ച് ഹബ്ബിനാവശ്യമായ വൈദ്യുതി ഇവിടെത്തന്നെ ഉത്പാദിപ്പിക്കും. പരമ്പരാഗത കേരളീയ വിഭവങ്ങൾ മുതൽ പുതുതലമുറയ്ക്ക് പ്രിയപ്പെട്ട മോഡേൺ സ്രീറ്റ് ഫുഡുകൾ വരെ വിളമ്പുന്ന 50 അത്യാധുനിക സ്റ്റാളുകളാണ് ഇവിടെ ഉയരുക. കുടുംബശ്രീ ഉൾപ്പെടെയുള്ള പ്രാദേശിക സ്വയംസഹായ സംഘങ്ങൾക്കും തദ്ദേശീയരായ ചെറുകിട സംരംഭകർക്കുമായിരിക്കും ഈ സ്റ്റാളുകൾ നടത്തുന്നതിൽ മുൻഗണന ലഭിക്കുക.

വെറുമൊരു ഭക്ഷണശാല എന്നതിനപ്പുറം നഗരത്തിലെ ഏറ്റവും മികച്ച വിനോദസാംസ്കാരിക കേന്ദ്രമായി കോടിമതയെ മാറ്റാനാണ് നഗരസഭ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കൊടൂരാറിന്റെ തീരത്ത് കലാപരിപാടികൾ അവതരിപ്പിക്കാനായി ഒരു ഓപ്പൺ ആംഫി തിയറ്റർ നിർമ്മിക്കും. കൂടാതെ, ഈരയിൽക്കടവ് മുതൽ കോടിമത വരെയുള്ള ആറിന്റെ തീരം സൗന്ദര്യവത്കരിക്കുന്നതോടെ നഗരവാസികൾക്ക് സായാഹ്ന സവാരിക്കായി ഏകദേശം ഒരു കിലോമീറ്റർ നീളമുള്ള മനോഹരമായ വാട്ടർ ഫ്രണ്ട് നടപ്പാതയും ഈ പദ്ധതിയിലൂടെ യാഥാർത്ഥ്യമാകും.

# എയ്ഞ്ചൽ നിക്ഷേപം സ്വന്തമാക്കി മലയാളി സ്റ്റാർട്ടപ്പ് കമ്പനി 'ഒറാവ്കോ'

**കൊച്ചി:** മലയാളി ടെക് സംരംഭകർക്ക് വൻ പ്രചോദനമായി പ്രമുഖ സ്റ്റാർട്ടപ്പ് സംരംഭമായ 'ഒറാവ്കോ' എയ്ഞ്ചൽ നിക്ഷേപം സ്വന്തമാക്കി. സ്റ്റാർട്ടപ്പ് ഇന്ത്യയുടെ കീഴിൽ ബംഗളുരു ആസ്ഥാനമായി 2022ൽ മലയാളി ചെറുപ്പക്കാരായ അനസ് സെയ്ദ്മുഹമ്മദ്, രാജീവ് രാധാകൃഷ്ണൻ എന്നിവർ ചേർന്നാണ് ഈ കമ്പനി ആരംഭിച്ചത്. റീട്ടെയിൽ മേഖലയിലെ ബില്ലിംഗ് സംവിധാനത്തെ അടിമുടി പരിഷ്കരിക്കുന്നതും, ഉപഭോക്താക്കൾക്ക് ക്യൂവിൽ നിൽക്കാതെ സ്വയം ബില്ലിംഗ് നടത്തി സെൽഫ് ചെക്കൗട്ട് സാധ്യമാക്കുന്നതുമായ എ.ഐ അധിഷ്ടിത സോഫ്റ്റ് വെയറാണ് ഒറാവ്കോയുടെ പ്രധാന ഉൽപ്പന്നം. ആഗോളതലത്തിൽ റീട്ടെയിൽ ബ്രാൻഡുകൾ ഓട്ടോമേഷനിലേക്കും മികച്ച ഉപഭോക്തൃ അനുഭവത്തിലേക്കും അതിവേഗം മാറുന്ന സാഹചര്യത്തിൽ വലിയ വിപണി സാധ്യതയുള്ള ഈ സംവിധാനത്തിന് പുറമെ, 'ഒറിയ' എന്ന പേരിൽ കമ്പനി വികസിപ്പിച്ച എ.ഐ അധിഷ്ഠിത ആശയവിനിമയ സോഫ്റ്റ് വെയറിനും വിപണിയിൽ വലിയ ആവശ്യക്കാരുണ്ട്. അഞ്ച് വർഷത്തിൽ താഴെമാത്രം പ്രായമുള്ള തങ്ങളുടെ സംരംഭത്തിന് ലഭിച്ച ഈ എയ്ഞ്ചൽ നിക്ഷേപം മലയാളി ടെക് സംരംഭകർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുമെന്നും, ഈ മൂലധന ലഭ്യതയിലൂടെ ഇന്ത്യയിലെ മെട്രോ നഗരങ്ങൾക്ക് പുറമെ ജി.സി.സി. രാജ്യങ്ങളിലേയ്ക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്നും സ്ഥാപകർ വാർത്താ കുറിപ്പിലൂടെ വ്യക്തമാക്കി. നിലവിൽ ബംഗലുരുവിന് പുറമെ പാലക്കാട്ടും ഓഫീസുള്ള ഒറാവ്കോയെ, സോഫ്റ്റ്‌വെയർ ഒരു ഉൽപ്പന്നം എന്നതിലുപരി മികച്ചൊരു സേവനമായി കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും അനസ് സെയ്ദ്മുഹമ്മദും രാജീവ് രാധാകൃഷ്ണനും കൂട്ടിച്ചേർത്തു.




അനസ് സെയ്ദ്മുഹമ്മദ്,രാജീവ് രാധാകൃഷ്ണൻ




# മഴക്കാലം; അടിയന്തരഘട്ട പ്രവർത്തന സന്നാഹങ്ങൾക്ക് നിർദേശം

**കൊല്ലം:** മഴക്കാലം മുൻനിർത്തിയുള്ള അടിയന്തരഘട്ട പ്രവർത്തനങ്ങൾക്കുള്ള സന്നാഹങ്ങൾ ഉറപ്പാക്കുന്നതിന് നിർദേശം നൽകി മന്ത്രിമാരായ ഷിബു ബേബി ജോണും ബിന്ദു കൃഷ്ണയും. ജില്ലാ കലക്ടർ ആനി ജൂല തോമസിന്റെ അധ്യക്ഷതയിൽ കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന പ്രത്യേക അവലോകന യോഗത്തിൽ ഓൺലൈനായി പങ്കെടുത്താണ് മന്ത്രിമാർ പ്രതിരോധനടപടികൾക്കുള്ള മാർഗനിർദേശങ്ങൾ നൽകിയത്. ദുരന്തപ്രതിരോധത്തിന് ജില്ല സജ്ജമെന്ന് ജില്ലാ കലക്ടർ വ്യക്തമാക്കി.

സംസ്ഥാന സർക്കാർ അനുവദിച്ച ഒരുകോടി രൂപ വിനിയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തും. ദുരന്തസാഹചര്യം നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശാസ്ത്രീയമായ പദ്ധതികൾ തയ്യാറാക്കി പ്രവർത്തിക്കുന്നതിനാണ് നിർദേശം.

ദുരന്തനിവാരണത്തിന് അനിവാര്യമായ മണ്ണ് മാന്തിയന്ത്രങ്ങളുടെ ലഭ്യത ഉറപ്പാക്കി. ആംബുലൻസ്, അഗ്നിരക്ഷാ സംവിധാനങ്ങൾ, ഇതരആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ ഉറപ്പാക്കുന്നതിനും നിർദേശിച്ചു. വെള്ളക്കെട്ട് സാധ്യതാമേഖലകൾ കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തി.

ദേശീയപാതയോരങ്ങൾ, എം.സി. റോഡ് എന്നിവിടങ്ങളിലെ അപകടരമായ മരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളായി.

മഴക്കാലരോഗവ്യാപന സാഹചര്യം കണക്കിലെടുത്ത് തദ്ദേശസ്ഥാപനങ്ങൾ വാർഡ്തല ശുചിത്വ സമിതികൾ രൂപീകരിച്ച് ആവശ്യമായ നടപടികളെടുക്കണം, 1599 ശുചിത്വപരിപാടികൾ നിർവഹിച്ച സാഹചര്യത്തിൽ തുടർപ്രവർത്തനങ്ങളും ഉറപ്പാക്കണം. 244.7 ടൺ അജൈവമാലിന്യ നീക്കം പൂർത്തിയാക്കിയ പശ്ചാത്തലത്തിൽ പകർച്ചരോഗ സാധ്യത നിയന്ത്രിക്കാനാകുമെന്ന് വ്യക്തമാക്കി.

ജലാശയങ്ങളിലെഒഴുക്ക് സുഗമമാക്കുന്നതിന് ഓടകൾ വൃത്തിയാക്കുന്നു. വൈദ്യുതി വകുപ്പ്, ജലസേചനം, പൊതുമരാമത്ത് വകുപ്പുകൾ ഏകോപിപ്പിച്ചുള്ള അടിയന്തരഘട്ട കാര്യനിർവഹണ സംഘം പ്രവർത്തിക്കുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

യോഗത്തിൽ പങ്കെടുത്ത വിഷ്ണു മോഹൻ എം. എൽ. എ, ഓൺലൈനായി പങ്കെടുത്ത അജയപ്രസാദ് എം. എൽ. എ എന്നിവർ ജില്ലയുടെ വിവിധ മേഖലകളിലും അതത് മണ്ഡലങ്ങളിലും നടപ്പിലാക്കേണ്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ നൽകി. രോഗവ്യാപന നിയന്ത്രണവും ശുദ്ധജല ലഭ്യതയും ഉറപ്പാക്കുന്നതിന് അടിയന്തര നടപടിയാണ് ഇരുവരും ആവശ്യപ്പെട്ടത്.

എ. ഡി. എം. ടി. കെ. വിനീത്, സബ് കലക്ടർ അഖിൽ വി. മേനോൻ, ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥർ, ദേശീയ ദുരന്തനിവാരണ സേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.




# വിദ്യഭ്യാസ മന്ത്രിയുമായി ചർച്ച : സ്കൂൾ പാചക തൊഴിലാളി യൂണിയൻ

**കൊച്ചി:** സ്കൂൾ പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉടനെ ചർച്ച നടത്താൻ വിദ്യഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ നേരിട്ട് സന്നദ്ധത അറിയിച്ചതായി സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എ ഐ ടി യു സി) സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി മോഹനൻ അറിയിച്ചു. തൊഴിലാളികൾക്ക് യഥാസമയം വേതനം ലഭിക്കൽ, മിനിമം വേതന പരിധിയിൽ നിന്നും പാചക തൊഴിലാളികളെ ഒഴിവാക്കിയ കഴിഞ്ഞ സർക്കാരിന്റെ ഉത്തരവ് റദ്ദാക്കൽ, വിരമിക്കൽ ആനുകൂല്യവും പെൻഷനും നിശ്ചയിക്കൽ, പകുതി വേതനം മാത്രം നൽകി അയ്യായിരത്തോളം തൊഴിലാളികളെ ജോലി ചെയ്യിക്കുന്ന നടപടി അവസാനിപ്പിക്കൽ, കാലാനുസൃതമായ വേതനം ഉറപ്പാക്കൽ, തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനാണ് യൂണിയൻ ശ്രമിക്കുന്നതെന്നും, വി.ഡി.സതീശൻ സർക്കാർ ഇക്കാര്യങ്ങളിൽ ആശാവഹമായ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്നും നേതാക്കൾ പറഞ്ഞു.

## എം.ജി.യൂണിവേഴ്സിറ്റി : തൃക്കാക്കര കെ.എം.എം. കോളേജിന് 11 റാങ്കുകൾ

**കൊച്ചി:** എംജി സർവ്വകലാശാലയുടെ ഈ വർഷത്തെ യു.ജി പരീക്ഷകളിൽ 11 റാങ്കുകൾ തൃക്കാക്കര കെ.എം.എം.കോളേജ് കരസ്ഥമാക്കി.ബി.എസ്.സി അപ്പാരൽ ആൻഡ് ഫാഷൻ ഡിസൈനിങ്ങിൽ ഒന്നും രണ്ടും റാങ്കുകൾ ഉൾപ്പെടെ 9 റാങ്കുകളും, ബി.എ ആനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസിങ്നിംഗ്, ബി.എസ്.സി സൈബർ ഫോറെൻസിക് എന്നീ വിഷയങ്ങളിൽ ഓരോ റാങ്കുവീതവുമാണ് കോളേജിന് ലഭിച്ചത്.

ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈനിൽ കോളജിലെ ഹംന അൻവറിനാണ് ഒന്നാം റാങ്ക്,വിദ്യ വർക്കി രണ്ടാം റാങ്കും എൻ.എസ്.വർണ്ണ മൂന്നാം റാങ്കും, ബി.ഹൃദിക നാലാം റാങ്കും, എച്ച്. തസ്നി അഞ്ചാം റാങ്കും, അശ്വിൻ ശശികുമാർ ആറാം റാങ്കും, ഹസ്ന അൻവർ ഏഴാം റാങ്കും, ടി.എം.ആദിത്യ ഒമ്പതാം റാങ്കും, പി.എസ്. നവീന പത്താം റാങ്കും നേടി. ബി.എ ആനിമേഷൻ പി.എം.ഫെബിൻ അഞ്ചാം റാങ്കും, ബിഎസ്,സി സൈബർ ഫോറൻസിക്ക്ൽ ടി.ആർ.മെഹറിൻ ഒമ്പതാം റാങ്കും നേടി.











# കാത്തിരിപ്പുകൾക്ക് ഒടുവിൽ കാലവർഷം കനിഞ്ഞു, കാർഷികമേഖലയ്ക്ക് ഉണർവായി

കാത്തിരിപ്പുകൾക്ക് ഒടുവിൽ കാലവർഷം കനിഞ്ഞു, കാർഷിക മേഖല മഴയുടെ വരവ് ഉത്സവമാക്കാനുള്ള ഒരുക്കത്തിൽ. റെയിൽ ഗാർഡ് ഇട്ട തോട്ടങ്ങളിൽ റബർ വെട്ടിന് ഉത്പാദകർ ഉത്സാഹിച്ചു.

നാളികേര കർഷകര ഞെട്ടിച്ച് കൊപ്ര വില വീണ്ടും ഇടിഞ്ഞു. അന്തർസംസ്ഥാന സുഗന്ധവ്യഞ്ജന വാങ്ങലുകാർ കുരുമുളകിനെ തളർത്താനുള്ള ശ്രമം തുടരുന്നു, ഉത്പാദന മേഖല ചരക്ക് നീക്കത്തിൽ നിയന്ത്രണം വരുത്തി.

പതിവ് തെറ്റിച്ച് മൺസൂൺ മഴ മേഘങ്ങൾ അല്പം വൈകി കേരളത്തിലേക്ക് പ്രവേശിച്ചു. റബർ ഉയർന്ന നിലവാരത്തിൽ നീങ്ങുന്നതിനാൽ ടാപ്പിംഗിനു ചെറുകിട കർഷകർ പുലർച്ചെതന്നെ തോട്ടങ്ങളിൽ ഇടംപിടിക്കുന്നുണ്ട്.

പല വൻകിട തോട്ടങ്ങളും അന്യസംസ്ഥാന തൊഴിലാളികളുടെ വരവിനായി കാത്തുനിൽക്കുന്നതിനാൽ റെയിൻ ഗാർഡുകൾ മരങ്ങളിൽ ഇനിയും ഘടിപ്പിച്ചിട്ടില്ല. തൊഴിലാളികൾ ഉയർന്ന കൂലിക്കുവേണ്ടി ശ്രമം നടത്തുന്നത് തോട്ടം മേഖലയിൽ ആശങ്ക പരത്തുന്നു. റബർ ഉത്പാദനം ഉയർന്നില്ലെങ്കിൽ അത് വ്യവസായികൾക്കും കനത്ത തിരിച്ചടിയാവും.

എന്നാൽ, ഈ വസ്തുത അവർ മറച്ചുപിടിച്ച് വിലക്കയറ്റത്തിനു തടയിടാൻ ശ്രമം നടത്തുകയാണ്.

സംസ്ഥാനത്ത് പകൽ താപനിലയിൽ മാറ്റം കണ്ടുതുടങ്ങിയതിനാൽ മരങ്ങളിൽ നിന്നുള്ള പാൽ ലഭ്യത ഉയരുമെന്ന പ്രതീക്ഷയിലാണ് റബർ കർഷകർ. റെയിൻ ഗാർഡ് ഇട്ട തോട്ടങ്ങളിൽ റബർ വെട്ട് വരും ദിനങ്ങളിൽ സജീവമാകും. നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തിയാൽ വിപണിയിലെ ഷീറ്റ് ക്ഷാമം മാസത്തിൻറെ രണ്ടാം പകുതിയിൽ കുറയുമെന്ന നിഗമനത്തിലാണു വ്യാപാരികൾ. കൊച്ചിയിൽ ആർഎസ്എസ് നാലാം ഗ്രേഡ് റബർ വില 26,600 രൂപ വരെ ഉയർന്നു. അതേസമയം, അന്താരാഷ്ട്ര മാർക്കറ്റിൽ റബർ കിലോ 301 രൂപയായി. ബാങ്കോക്കിൽ റബറിൻറെ വിലക്കയറ്റം ഇതര ഉത്പാദക രാജ്യങ്ങളിലെ കർഷകരെ വരും കാലങ്ങളിൽ കൃഷി വ്യാപിപ്പിക്കാൻ പ്രേരിപ്പിക്കുകതന്നെ ചെയ്യും. വിയറ്റ്നാമും ഐവറി കോസ്റ്റും പശ്ചിമ ആഫ്രിക്കയിലെ മറ്റ് പല രാജ്യങ്ങളും റബർ മാർക്കറ്റിലെ ഉണർവ് കൃഷി വികസിപ്പിക്കാനുള്ള നീക്കങ്ങൾക്ക് അവസരമാക്കാം. റബറിൻറെ വിലക്കയറ്റത്തിനിടിയിൽ ഏഷ്യൻ അവധി വ്യാപാര കേന്ദ്രങ്ങളിൽ ഊഹക്കച്ചവടക്കാർ വില്പനയ്ക്ക് നീക്കം നടത്തുന്നുണ്ട്. ജാപ്പനീസ് യെന്നിൻറെ വിനിമയ മൂല്യത്തിലെ ഇടിവ് ഒരു പരിധി വരെ റബറിനു കരുത്തു പകരാം.



ദക്ഷിണേന്ത്യയിൽ നാളികേരോത്പന്നങ്ങളുടെ വില വീണ്ടും കുറഞ്ഞു. അറബ് രാജ്യങ്ങളിൽ നിന്നുള്ള അന്വേഷണങ്ങളുടെ അഭാവം മൂലം വൻകിട മില്ലുകാർ കൊപ്ര സംഭരണത്തിൽ വരുത്തിയ കുറവ് വിലത്തകർച്ചയ്ക്ക് ഇടയാക്കി. ഇതിനിടയിൽ ഉത്പാദനം ഉയർന്നതും നാളികേരോത്പന്നങ്ങളുടെ മുന്നേറ്റത്തിനു തടസമായി. കാങ്കയത്ത് വെളിച്ചെണ്ണ വില ക്വിൻറലിന് 18,500 രൂപയായും കൊപ്ര വില 12,350 രൂപയായും കുറഞ്ഞു, കൊച്ചിയിൽ എണ്ണ 23,000 രൂപയിലും കൊപ്ര 13,500 ലുമാണ്.

അന്തർസംസ്ഥാന വ്യാപാരികൾ വിലയിടിച്ച് കുരുമുളക് കൈക്കലാക്കാനുള്ള ശ്രമം തുടരുന്നു. വിപണിയിലെ തളർച്ച കണ്ട് കാർഷിക മേഖല നാടൻ മുളക് വില്പനയിൽനിന്നും വിട്ടുനിൽക്കുന്നതു വാങ്ങലുകാരെ അസ്വസ്ഥരാക്കുന്നു. ഇതിനിടയിൽ ഇറക്കുമതി ചരക്ക് കലർത്തി പലരും ചരക്ക് വിപണിയിൽ ഇറക്കുന്നുണ്ട്.

തൊട്ട് മുൻ വാരത്തെ അപേക്ഷിച്ച് കൊച്ചിയിൽ വരവ് അഞ്ച് ടൺ ഉയർന്നെങ്കിലും വന്നതിൽ ഏറിയ പങ്കും കലർപ്പുള്ളതായാണു വിപണി വൃത്തങ്ങളിൽനിന്നുള്ള സൂചന. എന്നാൽ, ഇക്കാര്യം അവർ പരസ്യമാക്കാതെ ഉത്പാദകരെ ഭീതിയിലാഴ്ത്തി വില്പനയ്ക്ക് പ്രേരിപ്പിക്കാനുള്ള അണിയറ നീക്കങ്ങളും നടക്കുന്നു.

ഇതിനിടയിൽ കർണാടക ആസ്ഥാനമായി പ്രവർത്തിക്കുന്ന അർധസർക്കാർ സ്ഥാപനം കർഷകരിൽനിന്നും കുരുമുളക് സംഭരണം നടത്തുന്നുണ്ട്. രാജ്യത്ത് കുരുമുളക് ഉത്പാദനം കുറവായതിനാൽ ഉത്സവ സീസണിൽ വില ഉയരുമെന്ന വിലയിരുത്തലാണ് അവരെ ചരക്ക് സംഭരണത്തിനു പ്രേരിപ്പിച്ചത്. ഉത്പാദകർ ഏജൻസിക്കു ചരക്ക് കൈമാറിയാൽ വ്യവസായികൾ വരും മാസങ്ങളിൽ ചരക്ക് ക്ഷാമത്തിൻറെ പിടിയിൽ അകപ്പെടുമെന്നാണു വിപണിയിലെ രഹസ്യം. കർഷകർക്ക് ആകർഷകമായ വില ഉറപ്പുവരുത്തുയെന്ന ലക്ഷ്യതോടെയാണ് ഏജൻസി വിപണി ഇടപെടലിനു നീക്കം നടത്തിയത്. ഇതിനിടയിൽ മുഖ്യ വിപണികളിൽ വരവ് പതിവിലും ചുരുങ്ങി, ഉത്സവകാല ഡിമാൻഡിൽ ഉയർന്ന വില ഉറപ്പുവരുത്താനാവുമെന്ന വിശ്വാസത്തിലാണു കാർഷിക മേഖല. കൊച്ചിയിൽ അൺഗാർബിൾഡ് കുരുമുളക് 69,500 രൂപ. അന്താരാഷ്ട്ര മാർക്കറ്റിൽ മലബാർ മുളക് വില ടണ്ണിന് 7650 ഡോളർ.

# 2026 സാമ്പത്തികവർഷം; ജിഡിപി വളർച്ച 7.7%

**ന്യൂദൽഹി:** സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട ഔദ്യോഗിക കണക്കുകൾ പ്രകാരം, 2025 26 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 7.7 ശതമാനം വളർച്ച കൈവരിച്ചു. രണ്ടാമത്തെ മുൻകൂർ കണക്കാക്കലിൽ പ്രവചിച്ച 7.6 ശതമാനത്തേക്കാൾ കൂടുതലാണിത്. 2024-25 സാമ്പത്തിക വർഷത്തിൽ യഥാർഥ ജിഡിപി വളർച്ച 7.1 ശതമാനമായിരുന്നു.

2024-25 സാമ്പത്തിക വർഷത്തെ ജിഡിപിയുടെ ആദ്യ പുതുക്കിയ കണക്കായ 299.89 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുഭമ്പോൾ, 202526 സാമ്പത്തിക വർഷത്തിൽ യഥാർഥ ജിഡിപി (റിയൽ ജിഡിപി) 323.12 ലക്ഷം കോടി രൂപയിൽ എത്തുമെന്ന് കണക്കാക്കപ്പെടുന്നു.

202425ലെ 7.1 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ നോമിനൽ ജിഡിപി അല്ലെങ്കിൽ നിലവിലുള്ള വിലയിലുള്ള ജിഡിപി 2024 25ൽ 318.07 ലക്ഷം കോടി രൂപയായിരുന്നത് 202526 സാമ്പത്തിക വർഷത്തിൽ 346.36 ലക്ഷം കോടി രൂപയിൽ എത്തുമെന്നാണ് കണക്കാക്കുന്നത്.

2025-26 സാമ്പത്തിക വർഷത്തിലെ നോമിനൽ ജിഡിപി വളർച്ച 8.9 ശതമാനമായിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 9.7 ശതമാനമായിരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ മൊത്ത മൂല്യവർധിത (ജിവിഎ) വളർച്ച നിരക്ക് 7.9 ശതമാനമായിരുന്നു. നാലാം പാദത്തിലും ഇതേ വളർച്ചാ നിരക്ക് തന്നെയാണ് രേഖപ്പെടുത്തിയത്.

2025-26 വർഷത്തിൽ റിയൽ ഗ്രോസ് വാല്യു ആഡഡ് (റിയൽ ജിവിഎ) 294.91 ലക്ഷം കോടി രൂപയായി കണക്കാക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 273.36 ലക്ഷം കോടി രൂപയായിരുന്നു. ഇത് മുൻവർഷത്തെ 7.3% വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ 7.9% വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ നോമിനൽ ജിവിഎ 314.87 ലക്ഷം കോടി രൂപയെന്ന നിലവാരത്തിൽ എത്തുമെന്നാണ് കണക്കാക്കുന്നത്; 2024-25ൽ ഇത് 288.54 ലക്ഷം കോടി രൂപയായിരുന്നു, ഇത് 9.1% വളർച്ചാ നിരക്ക് കാണിക്കുന്നു.




നാലാം പാദത്തിൽ ജിഡിപി 7.8 ശതമാനം വളർച്ച രേഖപ്പെടുത്തി. മൂന്നാം പാദത്തിലെ എട്ടു ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ഇതിൽ നേരിയ കുറവുണ്ടായിട്ടുണ്ട്. ഉത്പാദന മേഖലയിലെ വളർച്ചയിലുണ്ടായ കുത്തനെയുള്ള ഇടിവാണ് ഈ പാദാനുപാദ വളർച്ചാ നിരക്ക് താഴേക്ക് പോകാൻ കാരണം. മൂന്നാം പാദത്തിൽ 12.8 ശതമാനമായിരുന്ന ഉത്പാദന വളർച്ച നാലാം പാദത്തിൽ 7.3 ശതമാനമായി കുറഞ്ഞു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രവചനം അനുസരിച്ച്, 2026 27 സാമ്പത്തിക വർഷത്തിലെ വളർച്ചാ നിരക്ക് 110 ബേസിസ് പോയിൻറ് കുറഞ്ഞ് 6.6 ശതമാനമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2025-26 സാമ്പത്തിക വർഷത്തെ മുഴുവൻ വർഷത്തെയും ജിഡിപി കണക്കുകൾ 2022-23 എന്ന പുതിയ അടിസ്ഥാന വർഷം മുൻനിർത്തിയാണ് പുറത്തുവിട്ടത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഐഫോൺ 18 പ്രോയുമായി വൻ മാറ്റങ്ങളോടെ ആപ്പിൾ

**സാൻഫ്രാൻസിസ്കോ:** ആഗോള സാങ്കേതിവിദ്യാ പ്രേമികൾ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ആപ്പിളിന്റെ വേൾഡ് വൈഡ് ഡെവലപ്പേഴ്സ് കോൺഫറൻസിനു (ഡബ്ല്യുഡബ്ല്യുഡിസി) മുന്നോടിയായി, വരാനിരിക്കുന്ന ഐഫോൺ 18 പ്രോ മോഡലുകളെക്കുറിച്ചുള്ള നിർണായക വിവരങ്ങൾ പുറത്ത്.




ഐഒഎസ് 27, ആപ്പിൾ ഇന്റലിജൻസ് തുടങ്ങിയ വിപ്ലവകരമായ സവിശേഷതകളോടെ വിപണിയിലെത്തുന്ന പുതിയ ഫോണിന്റെ പ്രാരംഭവിലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാകില്ലെങ്കിലും, ദീർഘകാലാടിസ്ഥാനത്തിൽ ഇത് ഉപയോക്താക്കൾക്ക് വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുമെന്നാണ് വിപണി വിദഗ്ധരുടെ വിലയിരുത്തൽ. നിർമാണച്ചെലവിലുണ്ടായ വൻ വർധനയാണ് ആപ്പിളിനെ പുതിയൊരു തന്ത്രത്തിലേക്ക് നയിക്കുന്നത്.

ആഗോളവിപണിയിൽ മെമ്മറി, സ്റ്റോറേജ് ചിപ്പുകളുടെ ദൗർലഭ്യവും കടുത്ത മത്സരവും കാരണം സ്മാർട്ട്ഫോൺ സ്പെയർ പാർട്ടുകളുടെ വില കുതിച്ചുയരുകയാണ്. എന്നാൽ വിപണിയിലെ ഒന്നാം സ്ഥാനം നിലനിർത്തുന്നതിനായി ഐഫോൺ 18 പ്രോയുടെ പ്രാരംഭവില നിലവിലെ ഐഫോൺ 17 പ്രോയുടെ അതേ നിരക്കായ 1,04,300 രൂപയിൽ തന്നെ നിലനിർത്താൻ ആപ്പിൾ തയാറായേക്കും. തുടക്കത്തിൽ ലാഭവിഹിതം കുറച്ച് നിർമാണച്ചെലവ് കമ്പനി സ്വയം ഏറ്റെടുക്കുമെങ്കിലും പിന്നീട് വരിസംഖ്യകളിലൂടെ ഇത് ഉപയോക്താക്കളിൽനിന്ന് ഈടാക്കാനാണ് നീക്കം.

ആർട്ടിഫിഷൽ ഇൻറലിജൻസ് സാങ്കേതികവിദ്യയുടെ അമിതമായ ഉപയോഗമാണ് ഉപയോക്താക്കളുടെ പോക്കറ്റ് ചോർത്തുക. ഫോണിൽ നേരിട്ടു പ്രവർത്തിക്കുന്ന എഐ ഫീച്ചറുകൾക്കു പുറമേ, കൂടുതൽ സങ്കീർണമായ പ്രക്രിയകൾക്കായി ആപ്പിളിൻറെ 'പ്രൈവറ്റ് ക്ലൗഡ് കംപ്യൂട്ട്' സെർവറുകളെ ആശ്രയിക്കേണ്ടിവരും.

ഉപയോക്താക്കളുടെ സ്വകാര്യത പൂർണമായും സംരക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഈ സെർവറുകളുടെ നടത്തിപ്പ് ചെലവ് കോടിക്കണക്കിനു രൂപയാണ്. തുടക്കത്തിൽ ഈ ഭീമമായ തുക കമ്പനി തന്നെ വഹിക്കുമെങ്കിലും, ഫോണിൻറെ ആയുസ് തീരുന്നതിനിടയിൽ വിവിധ സേവനങ്ങളിലൂടെ ഈ തുക തിരിച്ചുപിടിക്കാൻ കമ്പനി നിർബന്ധിതരാകും.

ഫോൺ വാങ്ങിയ ശേഷം സോഫ്റ്റ്‌വേർ ഫീച്ചറുകൾക്കായി വീണ്ടും പണം നൽകേണ്ടിവരുന്നത് ഉപയോക്താക്കൾക്കിടയിൽ വൻ പ്രതിഷേധങ്ങൾക്കു കാരണമാകുമെന്നതിനാൽ വളരെ തന്ത്രപരമായ നീക്കമാണ് ആപ്പിൾ നടത്തുന്നത്.

നിലവിലുള്ള ആപ്പിൾ വൺ വരിസംഖ്യാ പദ്ധതിയിൽ ആപ്പിൾ ഇൻറലിജൻസ് സേവനങ്ങളെക്കൂടി ഉൾപ്പെടുത്താനാണ് സാധ്യത. നിലവിൽ ആപ്പിൾ മ്യൂസിക്, ആപ്പിൾ ടിവി, ഐക്ലൗഡ് സ്റ്റോറേജ് എന്നിവ നൽകുന്ന ഈ പാക്കേജിലേക്ക് എഐ കൂടി എത്തുന്നതോടെ മാസവരിസംഖ്യയിൽ വലിയ വർധനയുണ്ടാകും. തുടക്കത്തിൽ സൗജന്യ ട്രയൽ കാലാവധി അനുവദിച്ച് ഉപയോക്താക്കളെ ശീലിപ്പിച്ച ശേഷമാകും മാസവരിസംഖ്യ ഈടാക്കുക. പ്രീമിയം എഐ സേവനങ്ങൾ പൂർണമായി ഉപയോഗിക്കാൻ ഉപയോക്താക്കൾ പ്രതിമാസം ഏകദേശം 1400 രൂപയോളം അധികം നൽകേണ്ടി വന്നേക്കാം. ഗൂഗിൾ, സാംസംഗ് തുടങ്ങിയ എതിരാളികൾ തങ്ങളുടെ എഐ സേവനങ്ങൾക്ക് ദീർഘകാല സൗജന്യ ട്രയലുകൾ പ്രഖ്യാപിച്ച് വിപണി വിഹിതം ഉയർത്താൻ ശ്രമിക്കുന്നതിനാൽ ആപ്പിളിന് തുടക്കത്തിൽതന്നെ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയില്ല. മുൻകാലങ്ങളിൽ ക്ലൗഡ് സ്റ്റോറേജ് സൗജന്യമായി നൽകി പിന്നീട് പെയ്ഡ് പ്ലാനുകളിലേക്ക് ഉപയോക്താക്കളെ മാറ്റിയതിനു സമാനമായൊരു തന്ത്രമാണ് ഇവിടെയും നടപ്പാക്കുന്നത്. ചുരുക്കത്തിൽ, ആപ്പിൾ സ്റ്റോറിൽനിന്ന് ഫോൺ വാങ്ങുമ്പോൾ വിലക്കൂടുതൽ അനുഭവപ്പെട്ടില്ലെങ്കിലും, വരും വർഷങ്ങളിൽ വരിസംഖ്യകളുടെ രൂപത്തിൽ ഉപയോക്താക്കളുടെ കൈയിൽനിന്നു വലിയൊരു തുക ചോരുമെന്ന് ഉറപ്പ്.




# ടാറ്റയുടെ പ്രീമിയം ബ്രാൻഡ് ജാഗ്വാർ ലാൻഡ് റോവർ 25,000 കോടി കടമെടുക്കുന്നു

**ന്യൂഡൽഹി:** ജെ.എൽ.ആർ നേരിടുന്ന ആഘാതം ആഗോള രാഷ്ട്രീയസാമ്പത്തിക മാറ്റങ്ങളുടെ നേരിട്ടുള്ള ഫലമാണ്. അമേരിക്കയുടെ തീരുവകളും കമ്പനിയുടെ ഏറ്റവും വലിയ വിപണിയായ ചൈനയിലെ ഡിമാൻഡിൽ വന്ന ഇടിവും ലാഭക്ഷമതയെ കാര്യമായി ബാധിച്ചു.

ആഗോള കോർപ്പറേറ്റ് ലോകത്തെ ഞെട്ടിച്ചുകൊണ്ടാണ് ടാറ്റ മോട്ടേഴ്സിന്റെ പ്രീമിയം ബ്രാൻഡായ ജാഗ്വാർ ലാൻഡ് റോവർ സാമ്പത്തിക പ്രതിസന്ധി വെളിപ്പെടുത്തിയത്. പിന്നിട്ട സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ അറ്റാദായം തൊട്ടുമുമ്പത്തെ വർഷത്തെ 32,000 കോടി രൂപയിൽനിന്ന്(2.5 ബില്യൺ പൗണ്ട്) 179 കോടി രൂപ(14 മില്യൺ പൗണ്ട്)യിലേക്കാണ് കൂപ്പുകുത്തിയത്. കമ്പനിയുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന വെല്ലുവിളിയാണിപ്പോൾ നേരിടുന്നത്. കഴിഞ്ഞ സെപ്റ്റംബറിലുണ്ടായ സൈബർ ആക്രമണത്തെ തുടർന്ന് ആഴ്ചകളോളം ഉത്പാദനം തടസ്സപ്പെട്ടത് സാങ്കേതിക തകരാറുകൾക്കപ്പുറം വിതരണ ശൃംഖലയെയും ഉത്പാദനക്ഷമതയെയും ഒരുപോലെ ബാധിച്ചു.

അടുത്തവർഷത്തോടെ കൊടുത്തുതീർക്കേണ്ട കടബാധ്യകൾക്കായി അന്താരാഷ്ട്ര വിപണിയിൽനിന്ന് വായ്പയെടുക്കാനാണ് കമ്പനിയുടെ നീക്കം. ആഗോള വിപണിയിലെ അസ്ഥിരതയും കൂടുന്ന പലിശയും കാരണം വിദേശ ബോണ്ടു വിപണികൾ ചെലവേറിയതായിരിക്കുന്നു. അതുകൊണ്ടുതന്നെ ബാങ്കുകളിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് ലോണെടുക്കാനാണ് ശ്രമം.

# മലബാർ ഗ്രൂപ്പിന്റെ ഹംഗർ ഫ്രീ വേൾഡ് പദ്ധതി: ഗുണഭോക്താക്കൾ ഒന്നരലക്ഷത്തോളം

**തിരുവനന്തപുരം:** വിശപ്പ് രഹിത ലോകം എന്ന ആശയം മുൻനിർത്തി മലബാർ ഗ്രൂപ്പ് നടപ്പാക്കുന്ന സൗജന്യ ഭക്ഷണ വിതരണ പദ്ധതിയായ 'ഹംഗർ ഫ്രീ വേൾഡ് പദ്ധതി'യുടെ ഗുണഭോക്താക്കളാകുന്നത് ഒന്നരലക്ഷത്തോളം പേർ.

ഹംഗർ ഫ്രീ വേൾഡ് പദ്ധതിയുടെ ഭാഗമായുള്ള 'മൈക്രോ ലേണിംഗ് സെൻററുകൾ', 'സ്ട്രീറ്റ് മീൽ ഡിസ്ട്രിബ്യൂഷൻ പ്രോഗ്രാം' എന്നീ രണ്ട് പ്രധാന പരിപാടികളിലൂടെ 1,43,000 ഗുണഭോക്താക്കളിലേക്കാണ് പദ്ധതി എത്തുന്നത്.

നിലവിൽ ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിലും, ആറ് ജിസിസി രാജ്യങ്ങൾ, യുഎസ്എ, യുകെ, സാംബിയ എന്നിവയുൾപ്പെടെ ഒൻപത് വിദേശ രാജ്യങ്ങളിലുമായാണ് പദ്ധതി നടത്തുന്നത്.

# പശ്ചിമേഷ്യൻ കാറ്റിൽ സ്വർണവില വീണ്ടും വീണു; പവൻ വില 1.12 ലക്ഷത്തിൽ താഴെ

**കൊച്ചി:** പശ്ചിമേഷ്യ വീണ്ടും യുദ്ധത്തിലേക്ക് നീങ്ങിയതോടെ, അന്താരാഷ്ട്ര വിപണിയുടെ ചുവടുപിടിച്ച് സംസ്ഥാനത്ത് ഇന്നലെയും സ്വർണവില താഴേക്ക്. ഗ്രാമിന് 95 രൂപയും പവന് 760 രൂപയുമാണ് ഇന്ന് കുറഞ്ഞത്. ഇതോടെ സ്വർണവില ഗ്രാമിന് 13,905 രൂപയിലും പവന് 1,11,240 രൂപയിലുമാണ് വ്യാപാരം പുരോഗമിച്ചത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 80 രൂപ കുറഞ്ഞ് 11,425 രൂപയിലെത്തി.

തുടർച്ചയായ നാലാംദിനമാണ് സ്വർണവില താഴേക്കുപോകുന്നത്. കഴിഞ്ഞ വ്യാഴാഴ്ച ഗ്രാമിന് 10 രൂപയും പവന് 80 രൂപയും കുറഞ്ഞിരുന്നു. പിന്നാലെ വെള്ളിയാഴ്ച ഗ്രാമിന് 35 രൂപയും പവന് 280 രൂപയും കുറഞ്ഞു. ശനിയാഴ്ച ഗ്രാമിന് 275 രൂപയും പവന് 2,200 രൂപയുമാണ് കുറഞ്ഞത്.

ദിവസങ്ങൾ നീണ്ട ചാഞ്ചാട്ടങ്ങൾക്കിടെ ജൂൺ ഒന്നിന് ഗ്രാമിന് 75 രൂപയും പവന് 600 രൂപയും കുറഞ്ഞിരുന്നു. പിന്നീട് രണ്ടുദിവസം മാറ്റമില്ലാതെ തുടർന്ന ശേഷമാണ് വീണ്ടും ഇടിവുണ്ടായത്.



ഇന്ത്യയിൽ സ്വർണ ഇറക്കുമതിച്ചുങ്കം കൂട്ടിയതോടെ മേയ് 13 ന് ഒറ്റയടിക്ക് സ്വർണ വില 10,200 രൂപയോളം വർധിച്ച് ആ മാസത്തിലെ ഏറ്റവും കൂടിയ നിരക്കായ 1,23,120 രൂപയിലെത്തിയിരുന്നു. പിന്നീട് ദിവസങ്ങളായി വില ചാഞ്ചാടിക്കൊണ്ടിരിക്കുകയാണ്.

ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്നു ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്. 2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

മാർച്ച് മാസം അവസാനം നാലു ദിവസത്തിനിടെ ഗ്രാമിന് 435 രൂപയും പവന് 3,480 രൂപയും വർധിച്ചിരുന്നു. മാർച്ച് 23ന് നാലുതവണ മാറിമറിഞ്ഞ സ്വർണവില ഒരു ലക്ഷത്തിന് താഴേക്ക് പോയിരുന്നെങ്കിലും വൈകിട്ടോടെ വീണ്ടും ഒരു ലക്ഷത്തിനു മുകളിലെത്തിയിരുന്നു. ഏപ്രിൽ, മേയ് മാസത്തിൽ വൻ കയറ്റിറക്കങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്.

രാജ്യാന്തര വിലയിലെ ചലനങ്ങളാണ് ആഭ്യന്തര സ്വർണവിപണിയിലും പ്രതിഫലിക്കുന്നത്. ഒരുവേള വില ഔൺസിന് 140ലേറെ ഡോളർ ഇടിഞ്ഞ് 4238.6 ഡോളർ വരെയെത്തിയ സ്വർണവില ഇന്ന് 4352 ഡോളറിലേക്ക് തിരിച്ചുകയറിയെങ്കിലും ഇപ്പോഴുള്ളത് 4310 ഡോളറിലാണ്.

അതേസമയം, വെള്ളിവിലയിൽ ഇന്നലെ മാറ്റമില്ല. ഒരു ഗ്രാം വെള്ളിക്ക് 265 രൂപയിലാണ് വ്യാപാരം പുരോഗമിച്ചത്.

# ദേശീയ ബിസിനസ് കോൺക്ലേവ് സംഘടിപ്പിച്ചു

**കൊച്ചി:** ഇന്തോ കോണ്ടിനെന്റൽ ട്രേഡ് ആൻഡ് എൻട്രപ്രണർഷിപ് പ്രമോഷൻ കൗൺസിൽ (ഐസ്ടെപ്) എവൈബിബിയുമായി സഹകരിച്ച് മൂന്നാമത് പ്രോഫിറ്റ് ടസ്കർ ബിസിനസ് കോൺക്ലേവ് സംഘടിപ്പിച്ചു.

മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്തു. വി ഗാർഡ് ഗ്രൂപ്പ് സ്ഥാപകൻ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി മുഖ്യാതിഥിയായിരുന്നു.

കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ, ഐസ്ടെപ് കൗൺസിൽ ചെയർമാൻ ഡോ. ടി. വിനയകുമാർ, സെക്രട്ടറി ജനറൽ യു.എസ്. കുട്ടി, ഡയറക്ടർമാരായ ജോർജി കൊച്ചുപുരക്കൽ, കെ. രവീന്ദ്രൻ, അഡ്വൈസർ ശോഭന ജയ മാധവൻ, ഡയറക്ടർമാരായ അലൈൻ ജോൺ, കിരൺ ജെയിംസ്, രജശ്രീ കേരള വർമ എന്നിവർ പങ്കെടുത്തു.

വൈകുന്നേരം ബ്രാൻഡും ബിസിനസും എങ്ങനെ വിജയിപ്പിക്കാം എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ച ക്രിയേറ്റീവ് രംഗത്തെ വിദഗ്ധർ നയിച്ചു. രാജ്യത്തെ 16 സംസ്ഥാനങ്ങളിൽനിന്നുള്ള പ്രഫഷണലുകളും പ്രതിനിധികളും കോൺക്ലേവിൽ പങ്കെടുത്തു.